ഹയർസെക്കന്ററിഡയറക്ടറുടെ
കാര്യാലയം, ഹൗസിംഗ്ബോർഡ്
ബിൽഡിംങ്സ്, ശാന്തിനഗർ,
തിരുവനന്തപുരം

എസിഡി.എസ്പിസി(1)/133306/2018/എച്ച്.എസ്.ഇ -റ്റി.ബി തീയതി:07/01/2019

## സർക്കുലർ

വിഷയം: **2019-2020 അദ്ധ്യയന വർഷത്തെ പ്ലസ്‌വൺ, പ്ലസ്ടു ക്ലാസ്സുകളിലേയ്ക്കുള്ള പാഠപുസ്തകങ്ങളുടെ ഓൺലൈൻ ഇന്റന്റിംങ് ആരംഭിക്കുന്നത്- സംബന്ധിച്ച്.**

2018-2019 അദ്ധ്യയന വർഷത്തേക്കാവശ്യമായ **പ്ലസ്‌വൺ, പ്ലസ്ടു പാഠപുസ്തകങ്ങളുടെ** ഓൺലൈൻ ഇന്റന്റിംങ് **07/01/2019** മുതൽ ആരംഭിച്ചിട്ടുണ്ട്. **16/01/2019** വൈകിട്ട് മൂന്നു മണി വരെ ആയതിൽ എല്ലാ ഹയർ സെക്കൻഡറി സ്കൂളിൽ നിന്നും (അൺഎയ്ഡഡ് ഉൾപ്പെടെ) ആവശ്യകത രേഖപ്പെടുത്താൻ സാധിക്കുന്നതാണ്. www.dhseonline.in എന്ന വെബ്പോർട്ടൽ വഴിയാണ് ഓൺലൈൻ ഇന്റന്റ് ലഭ്യമാക്കേണ്ടത്. ഇന്റന്റ് ചെയ്യേണ്ടവിധം ചുവടെ ചേർക്കുന്നു.

- www.dhseonline.in പോർട്ടലിൽ 'Register' ലിങ്കിൽ കയറി ആയതിൽ ആവശ്യപ്പെട്ടിരിക്കുന്ന വിശദാംശങ്ങൾ (പിൻകോഡ്, ഫോൺ നമ്പർ ഉൾപ്പെടെ) നൽകി രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ടതാണ്. രജിസ്ട്രേഷൻ സമയത്ത് ലഭിക്കുന്ന User ID -യും Password -ഉം ഉപയോഗിച്ചു മാത്രമേ ലോഗിൻ സാധ്യമാകുകയുള്ളൂ.
- തുടർന്ന് പ്രസ്തുത ലോഗിൻ ഐ.ഡി.യും പാസ്‌വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്യുക.
- ആദ്യം പ്ലസ് വൺ പാഠപുസ്തകങ്ങളുടെ വിശദാംശങ്ങൾ നൽകി വിവരങ്ങൾ 'Save' ചെയ്യുക. **(യാതൊരു കാരണവശാലും പ്ലസ്ടു പാഠപുസ്തകങ്ങളുടെ എണ്ണം കൂടി നൽകാതെ 'Confirm' ചെയ്യാൻ പാടില്ല)**

- തുടർന്ന് പ്ലസ്ടു പാഠപുസ്തകങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തി 'Save' ചെയ്യുക.
- കൊടുത്ത വിവരങ്ങൾ കൃത്യമായി 'Save' ചെയ്യപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്തിയതിനു ശേഷം മാത്രം 'Confirm' ചെയ്യുക.
- ലോഗിൻ ഐ.ഡി.യും പാസ്‌വേഡും തുടർ ഉപയോഗത്തിനായി രേഖപ്പെടുത്തി സൂക്ഷിച്ചുവെക്കേണ്ടതാണ്.
- നിലവിലുള്ള സ്റ്റോക്ക് പരിശോധിച്ചതിനുശേഷം മാത്രം പാഠപുസ്തകങ്ങൾ ഇന്റന്റ് ചെയ്യുക.

വിദ്യാർത്ഥികൾക്ക് ആവശ്യമുള്ളത്രയും പുസ്തകങ്ങൾ സമയബന്ധിതമായി ലഭ്യമാക്കേണ്ടത് പ്രിൻസിപ്പലിന്റെ ചുമതലയാണെന്നതിനാൽ ഇന്റന്റ് കൃത്യസമയത്ത് തന്നെ പൂർത്തിയാക്കണമെന്നറിയിക്കുന്നു.

ഒപ്പ്

**ജോയിന്റ് ഡയറക്ടർ**
**(അക്കാദമിക്)**